2025
NOVEMBER
17
MONDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# ലുലു റീട്ടെയ്ൽ; 9 മാസത്തിൽ 53,220 കോടി രൂപയുടെ വരുമാന നേട്ടം

അബുദാബി: ആധുനിക ഹൈപ്പർ മാർക്കറ്റുകൾ, ഉപഭോക്താക്കളുടെ വിപുലമായ സാന്നിദ്ധ്യം, ഇ-കൊമേഴ്സ് ഓൺലൈൻ പ്ലാറ്റ്ഫോമുകളിലെ മികവ് എന്നിവയിലൂടെ ഉയർന്ന ലാഭവർധനവുമായി ലുലു റീട്ടെയ്ൽ. മൂന്ന് സാമ്പത്തിക പാദങ്ങളിലുമായി 7.5 ശതമാനം ലാഭവർധനവും 1447 കോടി രൂപയുടെ(163 മില്യൺ ഡോളർ) ലാഭവുമാണ് ലുലു റീട്ടെയ്ൽ നേടിയത്. 16806 കോടി രൂപയുടെ(1896 മില്യൺ ഡോളർ) വരുമാനം മൂന്നാം സാമ്പത്തിക പാദത്തിൽ ലഭിച്ചു. ഇക്കഴിഞ്ഞ 9 മാസത്തിനിടെ 53,220 കോടി രൂപയുടെ (6 ബില്യൺ ഡോളർ) വരുമാനമാണ് ലഭിച്ചത്. എബിറ്റ്ഡ മാർജിൻ 5301 കോടി രൂപയായി (598 മില്യൺ ഡോളർ) ഉയർന്നു. ജി.സി.സിയിലെ ലുലു സ്റ്റോറുകളിലും ഓൺലൈനിലും മികച്ച വിൽപ്പന വളർച്ചയാണ് ലുലു ഗ്രൂപ്പ് കൈവരിച്ചത്.



ദീർഘകാല വളർച്ചാ സ്ട്രാറ്റജിയുടെ പ്രതിഫലനമാണ് ലുലുവിൻറെ മികച്ച പ്രകടനമെന്ന് ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലി വ്യക്തമാക്കി. അതിവേഗം വളരുന്ന പ്ലാറ്റ് ഫോമുകളായി ലുലുവിന്റെ ഇ കൊമേഴ്സ് ഓൺലൈൻ വിപണി മാറിക്കഴിഞ്ഞു. ഉപഭോക്താക്കളുടെ ആവശ്യകത വിലയിരുത്തി നഗരാതിർത്തികളിലേക്കും സേവനം വർധിപ്പിക്കുകയാണ് ലുലു. ജിസിസിയിൽ അടക്കം വിപുലമായ വികസന പദ്ധതികളാണ് ലുലു നടപ്പാക്കുന്നതെന്നും എം.എ യൂസഫലി പറഞ്ഞു.

# ഓപ്പൺ എഐ ഇന്ത്യയിലെ ആദ്യ ഓഫിസ് ഡൽഹിയിൽ




**ന്യൂഡൽഹി:** എഐ രംഗത്തെ ആഗോള ഭീമനും ചാറ്റ് ജിപിടിയുടെ മാതൃകമ്പനിയുമായ ഓപ്പൺ എഐ ഇന്ത്യയിലെ ആദ്യ ഓഫിസ് തുറക്കുന്നു. ന്യൂഡൽഹിയിലെ കോർപ്പറേറ്റ് എഡ്ജ് എന്ന വർക്ക്സ്പേസ് കമ്പനിയിൽ നിന്ന് 50 സീറ്റുകളുള്ള ഓഫിസ് സ്പേസാണ് ഓപ്പൺ എഐ സ്വന്തമാക്കിയത്.

നോയിഡയോ ഗുരുഗ്രാമോ പോലുള്ള സമീപ പ്രദേശങ്ങളെ ഒഴിവാക്കി രാജ്യതലസ്ഥാനമായ ഡൽഹിയിൽ തന്നെ ശ്രദ്ധ കേന്ദ്രീകരിക്കാനാണ് കമ്പനിയുടെ ശ്രമം. ചാറ്റ്ജിപിടിയുടെ ആഗോളതലത്തിലെ രണ്ടാമത്തെ വലിയ വിപണിയാണ് ഇന്ത്യ.

ഇത് കണക്കിലെടുത്ത് ഇന്ത്യയിൽ ഓഫീസ് അന്വേഷിക്കുകയാണെന്ന് അടുത്തിടെ കമ്പനി സിഇഒ സാം ആൾട്ട്മാൻ പറഞ്ഞിരുന്നു. പിന്നാലെയാണ് ഡൽഹിയിൽ ഓഫിസ് തുറന്നതായുള്ള വാർത്തയുമെത്തിയത്. ഇക്കാര്യത്തിൽ ഓപ്പൺ എഐയോ കോർപ്പറേറ്റ് എഡ്ജോ പ്രതികരിച്ചിട്ടില്ല.

സ്വന്തമായി ഓഫിസ് എടുക്കാതെ വർക്ക്സ്പേസിലേക്ക് ഓപ്പൺ എഐ മാറിയത് പുതിയ ആശങ്കയ്ക്കും കാരണമായി. രാജ്യത്തെ റിയൽ എസ്റ്റേറ്റ് മേഖലയിൽ വലിയ കുതിപ്പുണ്ടാക്കാൻ എഐ കമ്പനികൾക്കാകുമെന്നായിരുന്നു ഇതുവരെയും കരുതിയിരുന്നത്. 2030ലെത്തുമ്പോൾ എഐ കമ്പനികൾക്ക് മാത്രം 4550 മില്യൺ ചതുരശ്രയടി റിയൽ എസ്റ്റേറ്റ് സ്പേസ് അധികമായി വേണ്ടി വരുമെന്നാണ് ഡിലോയിറ്റിന്റെ റിപ്പോർട്ട്. ഇതിനിടയിൽ എഐ മേഖലയിലെ വമ്പൻമാർ സ്വന്തമായി ഓഫിസ് തുറക്കാതെ വർക്ക്സ്പേസിലേക്ക് മാറിയതാണ് ആശങ്കയ്ക്ക് കാരണമായത്. എന്നാൽ എഐ കമ്പനികൾ റിയൽ എസ്റ്റേറ്റ് മേഖലയിൽ വലിയ ചലനം സൃഷ്ടിക്കുമെന്നാണ് ഇപ്പോഴുമുള്ള വിലയിരുത്തൽ.

# ബൈജൂസിനെ സ്വന്തമാക്കാൻ സ്ക്രൂവാലയും രംഗത്ത്

**ന്യൂഡൽഹി:** മലയാളിയായ ബൈജു രവീന്ദ്രൻ സ്ഥാപിച്ച എജ്യുടെക് കമ്പനിയായ ബൈജൂസിനെ ഏറ്റെടുക്കാൻ റോണി സ്ക്രൂവാല നയിക്കുന്ന അപ്ഗ്രേഡും താൽപ്പര്യമറിയിച്ച് രംഗത്ത്. ബൈജൂസിന്റെ മാതൃകമ്പനിയായ തിങ്ക് ആൻഡ് ലേണിനെ സ്വന്തമാക്കാനാണ് ബിരുദ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുന്ന എജ്യുടെക് സ്റ്റാർട്ടപ്പായ അപ്ഗ്രേഡ് ഉന്നമിടുന്നത്.

കഴിഞ്ഞദിവസം വരെയുള്ള റിപ്പോർട്ടുകൾ പ്രകാരം ബൈജൂസിനെ സ്വന്തമാക്കാൻ രംഗത്തുണ്ടായിരുന്നത് മണിപ്പാൽ ഗ്രൂപ്പ് മാത്രമായിരുന്നു. സെപ്റ്റംബർ 24 ആയിരുന്നു ബൈജൂസിനെ ഏറ്റെടുക്കാനുള്ള താൽപ്പര്യമറിയിക്കാൻ റസൊല്യൂഷൻ പ്രൊഫഷണൽ ആദ്യം അനുവദിച്ച സമയം. രംഗത്തുള്ളത് മണിപ്പാൽ ഗ്രൂപ്പ് മാത്രമായിരുന്നതിനാൽ കൂടുതൽ കമ്പനികളെ പ്രതീക്ഷിച്ച് തീയതി നവംബർ 13ലേക്ക് നീട്ടിയിരുന്നു. നിലവിൽ ഇതു വീണ്ടുംനീട്ടി ഡിസംബർ 15 ആക്കിയിട്ടുണ്ട്.

ബൈജൂസിന്റെ ഉപകമ്പനിയായ ആകാശ് എജ്യുക്കേഷനൽ സർവീസസിൽ നിലവിൽ 58% ഓഹരി പങ്കാളിത്തം മണിപ്പാൽ ഗ്രൂപ്പിനുണ്ട്. തിങ്ക് ആൻഡ് ലേണിനെക്കൂടി സ്വന്തമാക്കി പങ്കാളിത്തം കൂട്ടാനുള്ള ശ്രമത്തിലാണ് മണിപ്പാൽ ഗ്രൂപ്പ്. ആകാശിൽ തിങ്ക് ആൻഡ് ലേണിന് 25% ഓഹരികളുണ്ട്. ഇതിനിടെയാണ്, ഇപ്പോൾ വെല്ലുവിളി ഉയർത്തി സ്ക്രൂവാലയുടെ അപ്ഗ്രേഡും രംഗത്തെത്തിയത്.

നിലവിൽ ബിരുദ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകി പ്രവർത്തിക്കുന്ന കമ്പനിയാണ് അപ്ഗ്രേഡ്. നേഴ്സറി മുതൽ 12ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് പിന്തുണ നൽകുന്ന ബൈജൂസിന്റെ കെ12 ബിസിനസ്, ഉപസ്ഥാപനമായ ഗ്രേറ്റ് ലേണിങ് എന്നിവയാണ് അപ്ഗ്രേഡ് ഉന്നമിടുന്നത്. ആകാശ് എജ്യുക്കേഷനൽ സർവീസസിലും നോട്ടമുണ്ട്. എൻട്രൻസ് പരീക്ഷകൾക്ക് ഊന്നൽ നൽകുന്ന എജ്യുടെക് കമ്പനിയായ അൺഅക്കാഡമിയെ ഏറ്റെടുക്കാനുള്ള ചർച്ചകളിലേക്ക് അപ്ഗ്രേഡ് അടുത്തിടെ കടന്നിരുന്നു. ഇതിനുപിന്നാലെയാണ് ഇപ്പോൾ ബൈജൂസിലേക്കും കണ്ണെറിയുന്നത്.

# കേരളത്തിന്റെ കയർ മേഖലയ്ക്ക് കോടികളുടെ നഷ്ടം

**ആലപ്പുഴ:** യു.എസ് ഇറക്കുമതി തീരുവ കൂട്ടിയതോടെ ക്രിസ്മസ്, പുതുവത്സര വിപണിയിൽ കയർ മേഖലയ്ക്കു കോടികളുടെ നഷ്ടം. ഡിസംബർ, ജനുവരി മാസങ്ങളിൽ യുഎസിലേക്കു മാത്രം 500 കോടിയിലേറെ രൂപയുടെ കയർ ഉൽപന്നങ്ങളാണ് കയറ്റി അയച്ചിരുന്നത്. തീരുവ വർധനയെ തുടർന്ന് ഇത് അനിശ്ചിതത്വത്തിലാണ്. സംസ്ഥാനത്തു നിന്നുള്ള കയർ കയറ്റുമതിയിൽ 60% യുഎസിലേക്കാണ്.

വിദേശ രാജ്യങ്ങളിൽ ക്രിസ്മസ്, പുതുവത്സര സീസണിലാണു കൂടുതൽ കയർ ഉൽപന്നങ്ങൾ വിൽക്കപ്പെടുന്നത്. യുഎസിലെ ക്രിസ്മസ്, പുതുവത്സര വിപണിക്കു വേണ്ടി പ്രത്യേക ഡിസൈനുകളിലുള്ള ഉൽപന്നങ്ങളും തയാറാക്കുന്നുണ്ട്. ഇത്തരം ഡിസൈനുകൾ യൂറോപ്പ് ഉൾപ്പെടെയുള്ള മറ്റു ഭാഗങ്ങളിലേക്കു കയറ്റി അയയ്ക്കാനും കഴിയില്ല. ഇതിനകം നിർമിച്ച ഏകദേശം 150 കോടിയോളം രൂപയുടെ ഉൽപന്നങ്ങൾ വിവിധ സ്ഥാപനങ്ങളിൽ കെട്ടിക്കിടക്കുകയാണ്. ക്രിസ്മസ് സീസൺ കഴിഞ്ഞാൽ ഇവ വിൽക്കാനുമാകില്ല.

തീരുവയിൽ ഇളവു ലഭിച്ചാലും കേരളത്തിൽ നിന്നുള്ള ഉൽപന്നങ്ങൾ യുഎസിൽ എത്തുമ്പോഴേക്കും പ്രധാന സീസൺ കഴിയും.






ഇന്ത്യൻ ക്രിസ്ത്യൻ മൂവ്മെന്റ് ഏർപ്പെടുത്തിയ ഡോ. ജെ. അലക്സാണ്ടർ സ്മാരക പുരസ്കാരം മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ പരമാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് പി. ഗോപിനാഥിൽ നിന്നും ഏറ്റുവാങ്ങുന്നു. റവ.ഫാ. ഐസക്ക് മട്ടമ്മൽ, ലിസി ബിജു, എബ്രഹാം തോമസ്, പി.ബി ബോസ്, കെ.എസ് വിനോദ്, കേന്ദ്രമന്ത്രി അഡ്വ. ജോർജ്ജ് കുര്യൻ , അഡ്വ. ഷോൺ ജോർജ്ജ്, ജസ്റ്റിസ് എസ്. മനു, ജസ്റ്റിസ് മേരി ജോസഫ്, അഡ്വ. കെ.വി സാബു, ഡോ. ജോൺ ജോസഫ്, വി.കെ വർഗ്ഗീസ്, അഡ്വ. എം. എം മോനായി തുടങ്ങിയവർ സമീപം




ഐ.സി.എം മാനേജിംഗ് ട്രസ്റ്റി അഡ്വ. കെ.വി സാബു എഴുതിയ ' ഹൗസ് ഓഫ് ലോർഡസ് ' എന്ന പുസ്തകം കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് എസ്. മനു മുൻ ജഡ്ജി ജസ്റ്റിസ് മേരി ജോസഫിന് നൽകി പ്രകാശനം നിർവ്വഹിക്കുന്നു. കോർഎപ്പിസ്കോപ്പ റവ.ഫാ. ഐസക്ക് മട്ടമ്മൽ, അഡ്വ. കെ.വി സാബു, ജസറ്റിസ് പി. ഗോപിനാഥ്, പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ, കേന്ദ്രസഹമന്ത്രി അഡ്വ. ജോർജ്ജ് കുര്യൻ, അഡ്വ. ഷോൺ ജോർജ്ജ്, വി.കെ വർഗ്ഗീസ്, ഡോ. ജോൺ ജോസഫ്, അഡ്വ. എം. എം മോനായി തുടങ്ങിയവർ സമീപം

# ഡോ.ജെ. അലക്സാണ്ടർ സ്മാരക പുരസ്കാരം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായ്ക്ക് സമർപ്പിച്ചു

**കൊച്ചി:**സഹതാപമല്ല ദീനാനുകമ്പയാണ് മനുഷ്യർക്ക് വേണ്ടതെന്ന് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ പരമാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ. ഇന്ത്യൻ ക്രിസ്ത്യൻ മൂവ്മെന്റ് ഏർപ്പെടുത്തിയ ഡോ. ജെ. അലക്സാണ്ടർ സ്മാരക പുരസ്കാരം കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് പി. ഗോപിനാഥിൽ നിന്നും ഏറ്റുവാങ്ങിയ ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. ലോകത്ത് ഒറ്റ പൗരത്വം മാത്രമേയുള്ളു അതിൽ ഇന്ത്യാക്കാരനെന്നും അമേരിക്കക്കാരനെന്നും ജർമ്മൻകാരനെന്നുമൊക്കെയുള്ള വേർതിരിവ് മനുഷ്യർ ഉണ്ടാക്കിയ പരിധികളും പരിമിതികളുമാണ്. വെട്ടിപിടിച്ചും ഗണം തിരിച്ചും ഉണ്ടാക്കിയ മനുഷ്യന്റെ സ്വാർഥതയുടെയും അഹങ്കാരത്തിന്റെയുമൊക്കെ ബാക്കി പത്രമാണ് ഈ വേർതിരിവ്. സാങ്കേതിക വിദ്യയുടെ വികസനത്തോടെ വസുധൈവകുടുംബകം എന്ന ഭാരതീയ ദർശനത്തിലേക്ക് ലോകം എത്തിയ കാലത്താണ് നമ്മൾ ജീവിക്കുന്നതെന്നും കാതോലിക്കാ ബാവാ പറഞ്ഞു. മാനുഷിക മൂല്യങ്ങൾക്ക് പ്രാമുഖ്യം കൊടുത്ത് അനുകമ്പയുള്ളവരായി മാറുമ്പോഴാണ് ജാതി,മത, വർഗ്ഗ, വർണ്ണ വ്യത്യാസങ്ങൾക്കപ്പുറം സൃഷ്ടാവ് സൃഷ്ടിച്ച ഒറ്റ മനുഷ്യവർഗ്ഗത്തിൽ വസുധൈവകുടുംബകം എന്ന സങ്കൽപ്പം പൂർത്തിയാകുന്നതെന്നും മലങ്കരസഭാധ്യക്ഷൻ കൂട്ടിച്ചേർത്തു. ഇല്ലായ്മയെ അതിജീവിച്ചാൽ എല്ലാത്തിനെയും അതിജീവിക്കാമെന്ന് പുരസ്കാര സമർപ്പണ സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് കേന്ദ്രസഹമന്ത്രി അഡ്വ. ജോർജ്ജ് കുര്യൻ പറഞ്ഞു. പുരസ്ക്കാര ജേതാവായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ ബാവായുടെ ജീവിതം നൽകുന്ന സന്ദേശം സമൂഹം മാതൃകയാക്കണമെന്നും കേന്ദ്രമന്ത്രി പറഞ്ഞു. എറണാകുളം ഹോളിഡേ ഇൻ ഹോട്ടലിൽ നടന്ന സമ്മേളനത്തിൽ ഐ.സി.എം പ്രസിഡന്റ് ഡോ. ജോൺ ജോസഫ് ഐ.ആർ.എസ് അധ്യക്ഷത വഹിച്ചു. ഐ.സി.എം മാനേജിംഗ് ട്രസ്റ്റി അഡ്വ. കെ.വി സാബു എഴുതിയ ഹൗസ് ഓഫ് ലോർഡസ് എന്ന പുസ്തകം കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് എസ്. മനു മുൻ ജഡ്ജി ജസ്റ്റിസ് മേരി ജോസഫിന് നൽകി പ്രകാശനം നിർവ്വഹിച്ചു. സുപ്രിം കോടതി അഭിഭാഷകൻ അഡ്വ. കുര്യാക്കോസ് വർഗ്ഗീസ്, വേൾഡ് ബോക്സിംഗ് കൗൺസിൽ (ഡബ്ല്യു.ബി.സി) കെയർ മിഡിൽ വെയ്റ്റ് ചാംപ്യനും ഡബ്ല്യു.ബി.സി കെയർ അംബാസിഡറുമായ കെ.എസ് വിനോദ്, ടൂറിസം മേഖലയിൽ മികച്ച സംഭാവനകൾ നൽകിയ പി.ബി ബോസ് എന്നിവരെ ചടങ്ങിൽ ആദരിച്ചു. കോർഎപ്പിസ്കോപ്പ റവ.ഫാ. ഐസക്ക് മട്ടമ്മൽ, ബിജെപി സംസ്ഥാന വൈസ് പ്രസിഡന്റ് അഡ്വ. ഷോൺ ജോർജ്ജ്, മുൻ എം.എൽ.എ അഡ്വ. എം. എം മോനായി, ഐ.സി.എം സീനിയർ വൈസ് പ്രസിഡന്റ് വി.കെ വർഗ്ഗീസ്, ഐ.സി.എം ട്രഷറർ എബ്രഹാം തോമസ്, ഐ.സി.എം വിമൻസ് കോർഡിനേറ്റർ ലിസി ബിജു, അഡ്വ. ശ്രീജിത്, അഡ്വ. ആശാ പോൾ തുടങ്ങിയവർ സംസാരിച്ചു.

## ട്രെഡ് മില്ലിന്റെ തകരാറുകൾ പരിഹരിക്കുന്നതിൽ വീഴ്ചവരുത്തി; ഉപഭോക്താവിന് നഷ്ടപരിഹാരം നൽകണം

**കൊച്ചി:** വിൽപന നടത്തിയ ട്രെഡ്മില്ലിന്റെ തകരാറുകൾ പരിഹരിക്കുന്നതിൽ വീഴ്ച വരുത്തിയതിനും സേവനത്തിൽ അപാകതക്കും നഷ്ടപരിഹാരം നൽകണമെന്ന് എറണാകുളം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കോടതി.

പനങ്ങാട് സ്വദേശി ലക്ഷ്മി.എസ്. രാജ്, എറണാകുളത്ത് പ്രവർത്തിക്കുന്ന സ്ഥാപനത്തിനെതിരെ നൽകിയ പരാതിയിലാണ് ഉത്തരവ്. ശരീരഭാരം കുറയ്ക്കാൻ വ്യായാമം ആവശ്യമായിരുന്ന പരാതിക്കാരിയുടെ പിതാവിന് വേണ്ടി 2022 ജനുവരി മാസം 31,500 രൂപ നൽകി വാങ്ങിയ 'സ്പോർട്സ് ട്രെഡ്മിൽ ഉപകരണത്തിന് ഒരാഴ്ചക്കുള്ളിൽ തന്നെ തകരാറുകൾ കണ്ടുതുടങ്ങുകയും രണ്ടാമത്തെ ആഴ്ച മുതൽ പ്രവർത്തിക്കാതാവുകയും ചെയ്തു.

പരാതിപ്പെട്ടതിനെ തുടർന്ന് എതിർകക്ഷി പലതവണ ബെൽറ്റ്, മോട്ടോർ, ഡിസ്പ്ലേ ബോർഡ് എന്നിവ മാറ്റി സ്ഥാപിച്ചെങ്കിലും തകരാർ പരിഹരിക്കാനായില്ല. 2023 ഫെബ്രുവരിയിൽ എതിർകക്ഷിയുടെ മെക്കാനിക്ക് മോട്ടോർ എടുത്തുകൊണ്ടുപോയെങ്കിലും തിരികെ നൽകിയില്ല. എതിർകക്ഷിയെ ഫോണിലൂടെ ബന്ധപ്പെടാൻ ശ്രമിച്ചിട്ടും പ്രതികരണം ലഭിക്കാതിരുന്നതിനെ തുടർന്ന് 2023 മാർച്ച് മാസം സ്പീഡ് പോസ്റ്റ് വഴി അറിയിപ്പ് നൽകി. എന്നാൽ എതിർകക്ഷി മറുപടി നൽകുകയോ തകരാർ പരിഹരിക്കാൻ ശ്രമിക്കുകയോ ചെയ്തില്ല.

തുടർന്നാണ് പരാതിക്കാരി എറണാകുളം ജില്ല ഉപഭോക്തൃ തർക്ക പരിഹാര കോടതിയെ സമീപിച്ചത്. ഉപകരണം വാങ്ങിയ ഉടൻ തന്നെ തകരാറിലായി എന്ന് തെളിയിക്കുന്ന രേഖകളുടെയും പരാതിക്കാരിയുടെ മൊഴിയുടെയും അടിസ്ഥാനത്തിൽ എതിർകക്ഷിയുടെ ഭാഗത്തുനിന്ന് സേവനത്തിൽ വീഴ്ച സംഭവിച്ചു എന്ന് കോടതി കണ്ടെത്തി. ഉപകരണത്തിന്റെ തകരാർ പരിഹരിക്കുന്നതിൽ എതിർകക്ഷി വിമുഖത കാണിച്ചത് സേവനത്തിലെ വീഴ്ചയ്ക്ക് തെളിവാണ്.

ഒരു വ്യാപാര സ്ഥാപനത്തിൽ നിന്ന് പ്രതീക്ഷിക്കാവുന്ന ഏറ്റവും മോശമായ പ്രതികരണവും സേവനവുമാണ് എതിർകക്ഷി നൽകിയതെന്നും ഡി.ബി ബിനു അധ്യക്ഷനും, വി.രാമചന്ദ്രൻ, ടി.എൻ ശ്രീവിദ്യ എന്നിവരുടെ ബെഞ്ച് നിരീക്ഷിച്ചു. സേവനത്തിലെ വീഴ്ചയ്ക്ക് നഷ്ടപരിഹാരമായി 10,000/ രൂപയും, കോടതിച്ചെലവായി 4,000/ രൂപയും 45 ദിവസത്തിനകം പരാതിക്കാരിക്ക് നൽകണമെന്ന് എതിർ കക്ഷിക്ക് കോടതി ഉത്തരവ് നൽകി.

## സൺറൈസ് ആശുപത്രിയിൽ ലോക പ്രമേഹദിനാചരണം സംഘടിപ്പിച്ചു

**കൊച്ചി:** കാക്കനാട് സൺറൈസ് ആശുപത്രിയിൽ ലോക പ്രമേഹദിനാചരണം സംഘടിപ്പിച്ചു.'ഡയബ് ഫെസ്റ്റ് സീസൺ 2' എന്ന പേരിൽ നടന്ന ദിനാചരണം മാനേജിംഗ് ഡയറക്ടർ പർവീൺ ഹഫീസ് ഉദ്ഘാടനം ചെയ്തു. മെഡിക്കൽ ഡയറക്ടർ ഡോ. രഞ്ജിനി രാഘവൻ അധ്യക്ഷത വഹിച്ചു. ക്യാംപിന്റെ ഭാഗമായി നടന്ന സൗജന്യ പ്രമേഹ രോഗനിർണയത്തിലും അനുബന്ധപരിശോധനകളിലും നിരവധി പേർ പങ്കെടുത്തു.




പ്രമേഹരോഗനിയന്ത്രണത്തിനു സഹായിക്കുന്ന ഭക്ഷണക്രമം, വ്യായാമമുറകൾ, ഇൻസുലിൻ പമ്പിന്റെ ശരിയായ ഉപയോഗം എന്നീ വിഷയങ്ങളിൽ പ്രായോഗീകപരിശീലനവും സംഘടിപ്പിച്ചു. എൻഡോക്രൈനോളജി, ഡയബറ്റോളജി, ജനറൽ മെഡിസിൻ, ന്യൂറോളജി, ജനറൽ ആൻഡ് മിനിമൽ ആക്സസ് സർജറി, ഗൈനക്കോളജി, കാർഡിയോളജി, നെഫ്രോളജി, ഓർത്തോപീഡിക്സ്, റുമറ്റോളജി വിഭാഗങ്ങളിലെ വിദഗ്ദ ഡോക്ടർമാർ പങ്കെടുത്ത പാനൽ ചർച്ചയും ഉണ്ടായിരുന്നു.

## സിവിൽ എക്സൈസ് ഓഫീസർ കായികക്ഷമതാ പരീക്ഷ

**കൊച്ചി:** കേരള എക്സൈസ് ആന്റ് പ്രൊഹിബിഷൻ വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി) (ഡയറക്ട് ആന്റ് എൻ.സി.എ, കാറ്റഗറി നം. 743/2024,557/2024) ശാരീരിക അളവെടുപ്പും, കായിക ക്ഷമതാ പരീക്ഷയും നവംബർ 18, 19, 20, 21 തീയതികളിൽ നടക്കും.

ചോറ്റാനിക്കര ഗവ.വി.എച്ച്.എസ്.എസ് ഗ്രൗണ്ടിൽ രാവിലെ 5.30 മുതൽ കായിക ക്ഷമതാ പരീക്ഷ ആരംഭിക്കും. അർഹരായ ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ www.keralapsc.gov.in വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത അഡ്മിഷൻ ടിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ്, അസൽ തിരിച്ചറിയൽ രേഖ, യോഗ്യത തെളിയിക്കുന്നതിനുള്ള അസൽ രേഖകൾ എന്നിവയുമായി കൃത്യസമയത്ത് നിർദ്ദിഷ്ട സ്ഥലത്ത് ഹാജരാകണം.

കായികക്ഷമതാ പരീക്ഷയിൽ യോഗ്യത നേടുന്ന ഉദ്യോഗാർത്ഥികൾക്ക് അന്നേദിവസം തന്നെ എറണാകുളം സൗത്ത് കർഷക റോഡിലുള്ള കേരള പബ്ലിക് സർവീസ് കമ്മീഷൻ ജില്ലാ ഓഫീസിൽ വെച്ച് പ്രമാണ പരിശോധനയും നടത്തുന്നതാണ്.

## ലോ കോളേജിൽ സീറ്റൊഴിവ്

**കൊച്ചി:** കൊച്ചി തൃക്കാക്കര കെ.എം.എം ലോ കോളേജിൽ ബികോം പഞ്ചവത്സര എൽ.എൽ. ബി കോഴ്സിൽ സർക്കാർ/മാനേജ്മെന്റ് സീറ്റുകളിൽ ഒഴിവുണ്ട്. എൻട്രൻസ് പരിക്ഷ എഴുതിയവർക്ക് സർക്കാർ ഫീസിലും, എൻട്രൻസ് എഴുതാത്തവർക്ക് മാനേജ്മെന്റ് ഫീസിലും ചേരാവുന്നതാണ്, പരിമിതമായ സീറ്റ് മാത്രം.

എം.ജി യൂണിവേഴ്സിറ്റി മൂന്ന് വർഷ എൽ.എൽ.ബി (2024) ബാച്ചിൽ രണ്ടാം ആദ്ധ്യയന വർഷത്തിലേയ്ക്ക് ഒഴിവുള്ള സീറ്റുകളിലേയ്ക്ക് കോളേജ് ട്രാൻസ്ഫറിനു അവസരമുണ്ട്. വിശദ വിവരങ്ങൾക് നേരിട്ടോ ഫോണിലോ ബന്ധപ്പെടുക. ഫോൺ: 94950 24551.



# പരമ്പരാഗത ജൈവസമ്പത്തിന്റെ സംരക്ഷണം പൈതൃക ഗ്രാമങ്ങൾ എന്ന ആശയത്തിൽ അധിഷ്ഠിതമാകണം : പദ്മശ്രീ ചെറുവയൽ രാമൻ

**കൊച്ചി:** പരമ്പരാഗത ജൈവ സമ്പത്തിന്റെ സംരക്ഷണം പൈതൃക ഗ്രാമങ്ങൾ എന്ന ആശയത്തിൽ അധിഷ്ഠിതമാവണമെന്ന് പദ്മശ്രീ ചെറുവയൽ രാമൻ. ആദിവാസി സ്വാതന്ത്ര്യ സമര നേതാവായ ബിർസാ മുണ്ടയുടെ 150ാം ജന്മവാർഷിക ആഘോഷത്തിന്റെ സമാപന ദിന ആചരണത്തിന്റെ ഭാഗമായി ഐസിഎആർ-സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി, കൊച്ചിയിൽ സംഘടിപ്പിച്ച പരിപാടിയുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വന സംരക്ഷണത്തിന്റെ ആവശ്യകത, സ്വാതന്ത്ര്യ സമരത്തിൽ ആദിവാസി വിഭാഗത്തിന്റെ പങ്ക്, പരമ്പരാഗത ഭക്ഷണരീതികൾ, കാർഷിക വിത്തിനങ്ങളുടെ സംരക്ഷണം എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ച് അദ്ദേഹം സംസാരിച്ചു. പൈതൃക ഗ്രാമങ്ങൾ രൂപികരിച്ച് അതിലൂടെ പരമ്പരാഗത വിഭങ്ങൾ സംരക്ഷിക്കണമെന്നും അതിനു കേന്ദ്ര സംസ്ഥാന സർക്കാരുകൾ മുൻകൈയെടുത്ത് വേണ്ട നടപടികൾ സ്വീകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. മലയാറ്റൂർ മേഖല അസിസ്റ്റന്റ് ഡെപ്യൂട്ടി കൺസെർവേറ്റർ ഓഫ് ഫോറസ്റ്റ് അഭയ് യാദവ് ഐ.എഫ്.എസ് മുഖ്യ പ്രഭാഷണം നടത്തി . സിഫ്ട് ഡയറക്ടർ ഡോ. ജോർജ് നൈനാൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ഡോ. വി. ചന്ദ്രശേഖർ, ഡോ. കെ .കെ പ്രജിത്ത് എന്നിവർ സംസാരിച്ചു



# ലഹരിക്കെതിരെ ഡോൺ ബോസ്കോ സ്പോർട്സ് ഫോർ ചേഞ്ച്

**കൊച്ചി:** ലഹരിക്കെതിരെ സ്പോർട്സ് എന്ന ആശയവുമായി ഡോൺ ബോസ്കോ സ്പോർട്സ് ഫോർ ചേഞ്ച് മെഗാ ലോഞ്ചും വാക്കത്തോണും നടത്തി. രാജേന്ദ്ര മൈതാനിയിൽ നിന്നും ആരംഭിച്ച വാക്കത്തോൺ പ്രതിപക്ഷ നേതാവ് വി. ഡി സതീശൻ ഫ്ളാഗ് ഓഫ് ചെയ്തു. പുതുതലമുറയ്ക്കു മുമ്പിൽ വലിയൊരു കെണിയാണ് ലഹരി മാഫിയ ഒരുക്കുന്നത്. ഈ കെണി തകർത്തെറിയുമെന്ന പ്രഖ്യാപനം കൂടിയാണ് ഈ വാക്കത്തോണെന്നും അദ്ദേഹം പറഞ്ഞു. നാടിനേയും പുതുതലമുറയേയും ഇല്ലാതാക്കാൻ ആര് പരിശ്രമിച്ചാലും ചെറുത്തു തോൽപിക്കുമെന്ന പ്രഖ്യാപനം കൂടിയാണ് ഇതെന്നും അദ്ദേഹം പറഞ്ഞു. വിദ്യാർഥികളും യുവാക്കളും ഉൾപ്പെടെ ആറായിരത്തിലേറെ പേർ അണിനിരന്ന വാക്കത്തോൺ ദർബാർ ഹാൾ ഗ്രൗണ്ടിൽ സമാപിച്ചു. വിദ്യാഭ്യാസ കായിക മേഖലകളിൽ ഡോൺ ബോസ്കോ നടത്തുന്ന സേവനം മികച്ചതാണെന്ന് ചാണ്ടി ഉമ്മൻ എം. എൽ. എ പറഞ്ഞു. കെ. എൻ ഉണ്ണികൃഷ്ണൻ എം. എൽ. എ, ടി. ജെ വിനോദ് എം. എൽ. എ, സിറ്റി അസിസ്റ്റന്റ് പോലീസ് കമ്മീഷണർ രാജ്കുമാർ, എക്സൈസ് ഓഫീസർ അബ്ദുൽ ബാസിത്, ചലച്ചിത്ര താരം സ്വാസിക, ദേവനന്ദ, നരേൻ എന്നിവർ പ്രസംഗിച്ചു. ഫാ. ഡോ. ജോസ് തോമസ് കോയിക്കൽ, ഫാ. സാൽവിൻ കാലഞ്ചേരി, ഫാ.ജോയ്, ഫാ.പി.എസ് ജോർജ്, ഡോ. വിജു ജേക്കബ്, ഫാ. ഷിബു ഡേവിഡ് തുടങ്ങിയവർ നേതൃത്വം നൽകി.

# മൈക്രോ ലേണിംഗ് സെന്ററുകളിൽ ശിശുദിനാഘോഷം നടത്തി

**കൊച്ചി:** നിരാലംബരായ കുട്ടികളുടെ പുനരധിവാസത്തിനും അവരെ സ്കൂളുകളിലേക്ക് തിരിച്ചെത്തിക്കുന്നതിനുമായി മലബാർ ഗ്രൂപ്പ് രാജ്യത്തുടനീളം നടപ്പാക്കുന്ന മൈക്രോ ലേണിംഗ് സെന്ററുകളിൽ ശിശുദിനാഘോഷത്തിന്റെ ഭാഗമായി വൈവിധ്യമാർന്ന പരിപാടികൾ സംഘടിപ്പിച്ചു. രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലായുള്ള 1531 മൈക്രോ ലേണിംഗ് സെന്ററുകളിലായി 60,000 കുട്ടികളാണുള്ളത്. രക്ഷിതാക്കൾ, പ്രാദേശിക നേതാക്കൾ, പോലീസ്,ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ, മലബാർ ഗ്രൂപ്പ് ടീം അംഗങ്ങൾ തുടങ്ങിയവർ ശിശുദിനാഘോഷങ്ങളിൽ പങ്കെടുത്തു. മൈക്രോ ലേണിംഗ് സെന്ററുകൾ വഴി കുട്ടികളുടെ ശോഭനമായ ഭാവി ഉറപ്പാക്കുമെന്ന് മലബാർ ഗ്രൂപ്പ് ചെയർമാൻ എം.പി അഹമ്മദ് പറഞ്ഞു. മലബാർ ഗ്രൂപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട സി.എസ്.ആർ പദ്ധതിയായ ഹംഗർ ഫ്രീ വേൾഡ് പദ്ധതിയുടെ ഭാഗമായാണ് മൈക്രോ ലേണിംഗ് സെന്ററുകൾ ആരംഭിച്ചത്. ലോകാരോഗ്യ സംഘടനയുടെ ഇന്ത്യൻ ചാപ്റ്ററുമായി ചേർന്ന് നഗര പ്രദേശങ്ങളിലെ പിന്നാക്ക സമൂഹങ്ങളിൽ നിന്നുള്ള അമ്മമാരുടെയും കുട്ടികളുടെയും പോഷകാഹാരവും ക്ഷേമവും മെച്ചപ്പെടുത്തുന്നതിന് നർച്ചറിംഗ് ബിഗിനിംഗ്സ് എന്ന പേരിൽ പുതിയ പദ്ധതിയും മലബാർ ഗ്രൂപ്പ് ആരംഭിച്ചിട്ടുണ്ട്. മലബാർ ഗ്രൂപ്പിന്റെ പ്രധാന സി.എസ്.ആർ പ്രവർത്തനങ്ങളെല്ലാം 'തണൽ' സന്നദ്ധ സംഘടനയുമായി സഹകരിച്ചാണ് നടപ്പാക്കുന്നത്.

# നേത്ര ചികിത്സ ക്യാമ്പും പ്രിവിലേജ് കാർഡ് വിതരണവും നടത്തി

**കൊച്ചി:** എറണാകുളം പ്രസ്ക്ലബ്ബ് ഐ ഫൗണ്ടേഷനുമായി സഹകരിച്ച് മാധ്യമപ്രവർത്തകർക്കായി നേത്ര ചികിത്സ ക്യാമ്പും പ്രസ്ക്ലബ് അംഗങ്ങൾക്കായി ഐ ഫൗണ്ടേഷൻ ആശുപത്രി നൽകുന്ന പ്രിവിലേജ് കാർഡ് വിതരണവും നടന്നു. എറണാകുളം പ്രസ് ക്ലബ്ബിൽ നടന്ന ചടങ്ങിൽ നേത്ര ചികിൽസാ ക്യാമ്പ് ടി.ജെ വിനോദ് എം.എൽ.എയും

പ്രിവിലേജ് കാർഡ് വിതരണോദ്ഘാടനം ഐ.എം.എ കൊച്ചിൻ പ്രസിഡന്റ് ഡോ. അതുൽ ജോസഫ് മാനുവലും നിർവഹിച്ചു. പ്രസ്ക്ലബ് പ്രസിഡന്റ് ആർ. ഗോപകുമാർ അധ്യക്ഷത വഹിച്ചു. ഡോ. പ്രവീൺ മുരളി, ഡോ.ഉമേഷ് കൃഷ്ണ, ഐ ഫൗണ്ടേഷൻ റീജിയണൽ മാനേജർ എയ്ജോ ജോസഫ്, പ്രസ്ക്ലബ് സെക്രട്ടറി എം. ഷജിൽകുമാർ, കേരള പത്രപ്രവർത്തക യൂണിയൻ മുൻ സംസ്ഥാന സെക്രട്ടറി ടി. പി പ്രശാന്ത് തുടങ്ങിയവർ സംസാരിച്ചു.



# ലോക പ്രമേഹദിനം: ഗവ. സൈബർ പാർക്കിൽ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു

**കോഴിക്കോട്:** ജിജെ ഗ്ലോബൽ ഐടി വെഞ്ചേഴ്സിന്റെ ആഭിമുഖ്യത്തിൽ ഗവൺമെന്റ് സൈബർപാർക്കിൽ ലോക പ്രമേഹദിനത്തോടനുബന്ധിച്ച് 'പ്രമേഹവും ജോലിസ്ഥലവും' എന്ന വിഷയത്തിൽ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. പ്രമേഹ ചികിത്സാവിദഗ്ധൻ ഡോ. എസ്.കെ സുരേഷിന്റെ ഡയബറ്റിസ് റിലീഫ് ഇനിഷ്യേറ്റീവുമായി സഹകരിച്ചായിരുന്നു പരിപാടി. സമൂഹത്തിൽ ആരോഗ്യപരമായ അവബോധവും പ്രതിരോധ പരിചരണവും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സൈബർപാർക്ക് ഓഡിറ്റോറിയത്തിൽ നടന്ന പരിപാടിയിൽ വിവിധ കമ്പനികളിൽ നിന്നുള്ള ജീവനക്കാർ സംബന്ധിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജിലെ ഡോ. നീരജ് മാണിക്യത്ത് മുഖ്യാതിഥിയായിരുന്നു. ഡോ. എസ്.കെ സുരേഷ് കുമാർ ആയിരുന്നു പരിപാടിയുടെ കോ-ഓർഡിനേറ്റർ. സൈബർ പാർക്ക് ചീഫ് ഓപ്പറേറ്റിങ് ഓഫീസർ വിവേക് നായർ, ജിജെ ഗ്ലോബൽ ഐടി വെഞ്ചേഴ്സിന്റെ സി.ഇ.ഒ ജാനകിരാമൻ ആർ, ഡയറക്ടർ സി. ആർ നിഖിൽ എന്നിവരും പങ്കെടുത്തു. പ്രമേഹ രോഗത്തെക്കുറിച്ച് വിദഗ്ധരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിപാടിയിൽ അവതരിപ്പിച്ചു. സംശയനിവാരണ സെഷനും ശ്രദ്ധേയമായി. ഇതിന് പുറമെ പങ്കെടുത്തവർക്കായി സൗജന്യ ആരോഗ്യ പരിശോധനകളും ഒരുക്കിയിരുന്നു. പരിപാടിയിൽ റാൻഡം ബ്ലഡ് ഷുഗർ പരിശോധനയും, ദീർഘകാല ഗ്ലൂക്കോസ് നിയന്ത്രണം അളക്കുന്ന എച്ച് ബിഎ വൺസി , തൈറോയ്ഡ് പ്രവർത്തനം കണ്ടെത്തുന്ന ടി. എസ്. എച്ച് പരിശോധന, ഹൃദയ, മെറ്റബോളിക് ആരോഗ്യം വിലയിരുത്തുന്ന ലിപിഡ് പ്രൊഫൈൽ പരിശോധന എന്നിവ ഉൾപ്പെടെയുള്ള സ്ക്രീനിംഗ് ടെസ്റ്റുകൾ ഒരുക്കിയിരുന്നു. പ്രീ-ഡയബറ്റിക്, ഡയബറ്റിക് വ്യക്തികൾക്കും, അമിതഭാരമുള്ളവർക്കും കൊളസ്ട്രോൾ പ്രശ്നങ്ങളുള്ളവർക്കും മുൻഗണന നൽകിയാണ് പരിശോധനകൾ നടത്തിയത്.

# സൈലന്റ് ബ്ലൂ ചിത്രപ്രദർശനത്തിന് തുടക്കമായി

**കൊച്ചി:** വൈറ്റ് റോസ് ഫൗണ്ടേഷൻ സംഘടിപ്പിക്കുന്ന സൈലന്റ് ബ്ലൂ ചിത്രപ്രദർശനത്തിന് വൈറ്റില മെർമെയ്ഡ് ഹോട്ടലിലെ ആർക്കെ ആർട്ട് ഗാലറിയിൽ തുടക്കമായി. പ്രമുഖ ക്യൂറേറ്റർ സത്യപാലാണ് പ്രദർശനം ഒരുക്കിയിരിക്കുന്നത്.

പ്രദർശനം സി.ജി.എച്ച് എർത്ത് എക്സ്പീരിയൻസ് സി.ഇ.ഒ മൈക്കിൾ ഡൊമിനിക് ഉദ്ഘാടനം ചെയ്തു. പ്രൊഫ. അജയകുമാർ, ഡോ. ജി. അജിത് കുമാർ, ബൈജുദേവ്, ബിജി ഭാസ്കർ, ലതാദേവി, പി.കെ പ്രശാന്ത്, രമണി മാത്യു, കെ.ആർ ശോഭരാജ്, സിന്ധു ദിവാകരൻ, കെ.സി ശിവദാസൻ, സുജിത് നവം, വി.ജി സുനിൽ റോക്കി, വി.ബി വേണു തുടങ്ങിയ പ്രമുഖ കലാകാരന്മാരുടെ ചിത്രങ്ങളാണ് പ്രദർശനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രദർശനം നവംബർ 19ന് സമാപിക്കും.

## വീക്കെൻഡ് വിത്ത് ഫെഡറൽ

**കൊച്ചി :** ഫെഡറൽ ബാങ്കിന്റെ ഡെബിറ്റ്, ക്രെഡിറ്റ് കാർഡുകളിൽ ആകർഷകമായ ഇളവുകളുമായി ഫെഡറൽ ബാങ്ക് വീക്കെൻഡ് വിത്ത് ഫെഡറൽ അവതരിപ്പിച്ചു. ഡെലിവറി മുതൽ ഫാഷനും യാത്രയും വിനോദവും ഉൾപ്പെടെയുള്ള വിവിധ മേഖലകളിൽ പത്തുശതമാനം വരെ ഇളവുകൾ ലഭ്യമാണ്. വാരാന്ത്യങ്ങൾ ആഹ്ലാദത്തിന്റെയും കൂടിച്ചേരലുകളുടെയും വേളയാണെന്ന് തങ്ങൾ വിശ്വസിക്കുന്നതായി ഫെഡറൽ ബാങ്ക് സീനിയർ വൈസ് പ്രസിഡന്റും റീട്ടെയിൽ കാർഡ്സ് ആൻഡ് അസറ്റ് വിഭാഗം മേധാവിയുമായ സൗഗത ബസു പറഞ്ഞു.

## സെൻട്രൽ ബാങ്ക് അഗ്രി ഔട്ട്റീച്ച് ക്യാമ്പയിൻ

**കൊച്ചി:** ക്രെഡിറ്റ് വിതരണം വർധിപ്പിക്കുക, കർഷക സമൂഹത്തിനുള്ള പിന്തുണ ശക്തിപ്പെടുത്തുക എന്നിവ ലക്ഷ്യമിട്ട് സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ എല്ലാ ശാഖകളിലും മെഗാ അഗ്രി ഔട്ട്റീച്ച് ക്യാമ്പയിൻ സംഘടിപ്പിക്കുന്നു.

കാർഷിക അനുബന്ധ പ്രവർത്തന ധനസഹായം, സെന്റ് ഫുഡ് പ്രോസസിംഗ് സ്കീം, റൈസ് മിൽ, ഫാം മെക്കനൈസേഷൻ വായ്പകൾ, ക്ഷീര, കോഴി മേഖല ധനസഹായം എന്നിവയിലൂടെ ബാങ്കിന്റെ സമഗ്രമായ കാർഷിക വായ്പാ ഉൽപ്പന്നങ്ങളുടെ ശ്രേണിയെക്കുറിച്ച് കൂടുതൽ അവബോധം സൃഷ്ടിക്കുകയാണ് ക്യാമ്പയിനിലൂടെ ലക്ഷ്യമിടുന്നത്.

ഇതിന്റെ ഭാഗമായി ബോധവത്കരണ പരിപാടികൾ, സാമ്പത്തിക സാക്ഷരതാ സെഷനുകൾ, ഓൺ സ്പോട്ട് വായ്പാ ക്യാമ്പുകൾ എന്നിവ നടത്തും.

## ജിമ്മി ജോൺസിനെ ഇന്ത്യയിലെത്തിക്കാൻ ഹൽദിറാം

**മുംബൈ:** ഇന്ത്യൻ പലഹാരരംഗത്തെ പ്രമുഖർ പടിഞ്ഞാറൻ വിപണിയിലേക്ക് ശ്രദ്ധ തിരിക്കുന്നു. ഇന്ത്യയിലെ പ്രമുഖ ഭക്ഷ്യ സേവന കമ്പനിയായ ഹൽദിറാം ഗ്രൂപ്പ്, അമേരിക്കൻ സാൻഡ്വിച്ച് ശൃംഖലയായ ജിമ്മി ജോൺസിനെ ഇന്ത്യയിലേക്ക് എത്തിക്കുന്നതിനായി യുഎസ് ആസ്ഥാനമായുള്ള ഇൻസ്പയർ ബ്രാൻഡ്സുമായി ചർച്ചകൾ നടത്തുന്നതായി റിപ്പോർട്ട്.

ചർച്ചകൾ ഒരു എക്സ്ക്ലൂസീവ് ഫ്രാഞ്ചൈസി കരാറുമായി ബന്ധപ്പെട്ടതാണ്. ഹൽദിറാമിനെ സംബന്ധിച്ചിടത്തോളം തന്ത്രപരമായ നീക്കമാണ്. അതിശക്തമായ മത്സരം നിലനിൽക്കുന്ന പാശ്ചാത്യശൈലയിലുള്ള ക്വിക് സർവീസ് റെസ്റ്റോറന്റുകൾ എന്ന മേഖലയിലേക്കുള്ള അവരുടെ ആദ്യത്തെ വലിയ ചുവടുവയ്പായിരിക്കും. പരമ്പരാഗത ഇന്ത്യൻ പലഹാരങ്ങൾക്കപ്പുറത്തേക്ക് തങ്ങളുടെ ബിസിനസ് വ്യാപിപ്പിക്കാൻ കമ്പനി ഒരുങ്ങുകയാണെന്ന് ഇതു വ്യക്തമാക്കുന്നു.

ആഗോള രുചികളിൽ താത്പര്യമുള്ള യുവ, നഗര ഉപഭോക്താക്കളെയാണ് ഈ നീക്കത്തിലൂടെ ലക്ഷ്യമിടുന്നത്. ചർച്ചകൾ അവസാനഘട്ടത്തിലാണെന്നും കരാർ ഉടൻ യാഥാർഥ്യമായേക്കുമെന്നുമാണ് റിപ്പോർട്ടുകൾ.

## 24 കോടി നിക്ഷേപക അക്കൗണ്ട് നേട്ടവുമായി എൻ.എസ്.ഇ

**കൊച്ചി:** നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് (എൻ.എസ്.ഇ) വ്യാപാര അക്കൗണ്ടുകളുടെ എണ്ണം 24 കോടി (240 ദശലക്ഷം) കടന്ന് മറ്റൊരു നാഴികക്കല്ല് പിന്നിട്ടതായി എൻ.എസ്.ഇ ചീഫ് ബിസിനസ് ഡെവലപ്മെന്റ് ഓഫീസർ ശ്രീറാം കൃഷ്ണൻ പറഞ്ഞു. കഴിഞ്ഞ വർഷം ഒക്ടോബറിൽ 20 കോടി (200 മില്യൺ) അടയാളപ്പെടുത്തിയതിന് ശേഷം ഒരു വർഷത്തിനുള്ളിലാണ് ഈ നാഴികക്കല്ല് കൈവരിച്ചിരിക്കുന്നത്. 4 കോടിയിലധികം നിക്ഷേപക അക്കൗണ്ടുകളുമായി (17% വിഹിതം) മഹാരാഷ്ട്ര ഒന്നാം സ്ഥാനത്താണ്. ഉത്തർപ്രദേശ് (2.7 കോടി, 11% വിഹിതം), ഗുജറാത്ത് (2.1 കോടി, 9% വിഹിതം), പശ്ചിമ ബംഗാൾ (1.4 കോടി, 6% വിഹിതം), രാജസ്ഥാൻ (1.4 കോടി, 6% വിഹിതം) എന്നിവരാണ് മറ്റ് മുൻ നിക്ഷേപക നിരസംസ്ഥാനങ്ങൾ. 2025 സെപ്റ്റംബർ 30 മുതൽ, വ്യക്തിഗത നിക്ഷേപകർ നേരിട്ടുള്ള പങ്കാളികളും ഒപ്പം മ്യൂചൽ ഫണ്ടുകൾ വഴി നിക്ഷേപിക്കുന്നവരും എൻ.എസ്.ഇ പട്ടികപ്പെടുത്തിയ കമ്പനികളുടെ 18.75% കൈവശപ്പെടുത്തിയിട്ടുണ്ട്. ഇത് 22 വർഷത്തെ ഏറ്റവും ഉയർന്ന നിരക്കാണ്. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ, നിഫ്റ്റി 50, നിഫ്റ്റി 500 സൂചികകൾ യഥാക്രമം 15%, 18% എന്നിങ്ങനെ ശക്തമായ വാർഷിക വരുമാനം സൃഷ്ടിച്ചിരിക്കുന്നു.




# മികച്ച രീതിയിൽ കഥ പറയാനാവുമെങ്കിൽ ഡിജിറ്റൽ സൃഷ്ടികൾ സ്വീകരിക്കപ്പെടും

**കൊച്ചി:** മികച്ച രീതിയിൽ കഥ പറയാനും നിർമാണം പൂർത്തിയാക്കാനും സാധിക്കുന്ന ദൃശ്യങ്ങൾ ഭാഷ പരിഗണിക്കാതെ കാഴ്ചക്കാർ സ്വീകരിക്കുമെന്നതിന് നിരവധി തെളിവുകളുണ്ടെന്ന് സീ5 ഗ്ലോബൽ മുൻ ചീഫ് ബിസിനസ് ഓഫീസർ അർച്ചന ആനന്ദ് പറഞ്ഞു. കേരള മാനേജ്മെന്റ് അസോസിയേഷൻ ഇൻസൈറ്റ് എക്സ് സീരിസിന്റെ പത്താം എഡിഷനിൽ ഇന്ത്യയിലേയും പുറത്തുമുള്ള പ്രേക്ഷകർക്ക് ഡിജിറ്റൽ വീഡിയോ പ്ലാറ്റ്ഫോം സൃഷ്ടി എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അവർ. മികച്ച രീതിയിൽ കഥ പറയുന്നതിന് വലിയ വിൽപ്പന സാധ്യതകളാണുള്ളത്. കൊറിയൻ, ടർക്കിഷ് ഭാഷകളിലുള്ള പല ദൃശ്യാവിഷ്ക്കാരങ്ങളും ലോകം മുഴുവൻ സ്വീകരിക്കുന്നത് പലപ്പോഴും ഭാഷ മനസ്സിലായിട്ടല്ലെന്നും അവർ വ്യക്തമാക്കി. ഇന്റർനെറ്റ് ഡാറ്റ ചെലവു കുറഞ്ഞ് ലഭ്യമായതോടെയാണ് ഒ.ടി.ടി പ്ലാറ്റ്ഫോമുകളുടെ കുതിച്ചു ചാട്ടമുണ്ടായത്. അതോടൊപ്പം വൈഫൈയുടെ വരവും ഈ മേഖലയെ സമ്പുഷ്ടമാക്കി. ലോകത്തിൽ ഏറ്റവും ചുരുങ്ങിയ ചെലവിൽ ഡാറ്റ ലഭിച്ചതോടെ മൊബൈൽ ഉപയോഗം വർധിക്കുകയും കമ്പോളം വിശാലമാവുകയും ചെയ്തു. ഒറ്റ രാത്രി വെളുക്കുന്നതിന് മുമ്പ് നോട്ട് നിരോധനം നടപ്പാക്കിയതോടെ ഡിജിറ്റൽ ലോകത്താണ് വളർച്ചയുണ്ടായതെന്നും അർച്ചന ആനന്ദ് പറഞ്ഞു.കേരള മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ് കെ. ഹരി കുമാർ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റും പ്രോഗ്രാം ചെയർമാനുമായ ദിലീപ് നാരായണൻ, ഹോണററി സെക്രട്ടറി കെ. അനിൽ വർമ തുടങ്ങിയവർ സംസാരിച്ചു

## വിനോദ സഞ്ചാരികളെ കേന്ദ്രീകരിച്ച് ഓൺലൈൻ തട്ടിപ്പ്; ജാഗ്രത പാലിക്കണമെന്ന് കെ.ടി.എം സൊസൈറ്റി

**കൊച്ചി:** കേരളത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളായ കൊച്ചി, കുമരകം ഉൾപ്പെടെയുള്ള നഗരങ്ങളിൽ വിനോദ സഞ്ചാരികളെ കേന്ദ്രീകരിച്ച് ഓൺലൈൻ തട്ടിപ്പ് സംഘങ്ങൾ സജീവമായിരിക്കുന്നതായി കേരള ട്രാവൽ മാർട്ട് സൊസൈറ്റി (കെ.ടി.എം.) മുന്നറിയിപ്പ് നൽകി. പ്രമുഖ ഓൺലൈൻ ട്രാവൽ ഏജൻസി വെബ്സൈറ്റുകൾ വഴി റൂം ബുക്ക് ചെയ്യുന്നവരെ ലക്ഷ്യമിട്ടാണ് പ്രധാനമായും തട്ടിപ്പുകൾ നടക്കുന്നതെന്ന് കെ. ടി. എം പ്രസിഡന്റ് ജോസ് പ്രദീപ് ചൂണ്ടിക്കാട്ടി.

ടൂറിസം സീസൺ ആരംഭിച്ച സാഹചര്യത്തിൽ പൊതുജനങ്ങൾ അതീവ ജാഗ്രത പാലിക്കണമെന്ന് കെ.ടി.എം അഭ്യർത്ഥിച്ചു. ബുക്കിംഗ് പൂർത്തിയാക്കിയ ശേഷം ഹോട്ടലിന്റെ റിസർവേഷൻ വിഭാഗത്തിൽ നിന്നാണെന്ന് തെറ്റിദ്ധരിപ്പിച്ച് അതിഥികളെ ഫോൺ വഴിയോ ഇ-മെയിൽ,വാട്സ്സാപ്പ് സന്ദേശങ്ങൾ വഴിയോ ബന്ധപ്പെട്ട് പണം തട്ടുന്നതാണ് ഇവരുടെ രീതി. അഡ്വാൻസ് പേയ്മെന്റ് നൽകിയില്ലെങ്കിൽ റൂം ബുക്കിംഗ് റദ്ദാക്കുമെന്ന് ഭീഷണിപ്പെടുത്തുക, ഉയർന്ന വിഭാഗത്തിലുള്ള മുറികൾ വാഗ്ദാനം ചെയ്യുക, ഇതിനായി അടിയന്തരമായി പണം അടയ്ക്കാൻ ആവശ്യപ്പെടുക എന്നിവയാണ് തട്ടിപ്പുകാരുടെ പ്രധാന തന്ത്രങ്ങൾ.

ഹോട്ടൽ ജീവനക്കാരന്റെ വ്യാജ തിരിച്ചറിയൽ കാർഡ് ഉൾപ്പെടെ അയച്ചുനൽകി വിശ്വാസം നേടിയെടുത്ത ശേഷം ക്യു.ആർ കോഡ് വഴിയോ പേയ്മെന്റ് ലിങ്കുകൾ വഴിയോ പണം കൈക്കലാക്കുന്ന രീതിയാണ് തട്ടിപ്പുകാർ അവലംബിക്കുന്നത്. ഇതുവരെയായി പതിനായിരക്കണക്കിന് രൂപ നിരവധി സഞ്ചാരികൾക്ക് നഷ്ടപ്പെട്ടതായി പരാതികൾ ലഭിച്ചിട്ടുണ്ട്. അതിനാൽ ഹോട്ടലുകൾ ബുക്ക് ചെയ്ത ശേഷം മുൻകൂർ പേയ്മന്റ് ആവശ്യപ്പെട്ട് അപരിചിതരിൽ നിന്ന് കോളുകളോ ഇ-മെയിൽ,വാട്സ്സാപ്പ് സന്ദേശങ്ങളോ ലഭിച്ചാൽ ജാഗ്രതയോടെ പ്രതികരിക്കണമെന്ന് കെ.ടി.എം മുന്നറിയിപ്പ് നൽകി.

ഏതെങ്കിലും പേയ്മെന്റ് നടത്തുന്നതിന് മുമ്പ്, ബുക്ക് ചെയ്ത ഹോട്ടലിന്റെ ഔദ്യോഗിക ഫോൺ നമ്പറിൽ നേരിട്ട് വിളിച്ച് വിവരങ്ങൾ സത്യമാണോ എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇത്തരം തട്ടിപ്പുകളെക്കുറിച്ച് കെ.ടി.എം. അംഗങ്ങളായ ഹോട്ടലുകൾ അവരുടെ വെബ്സൈറ്റുകളിലും വൗച്ചറുകളിലും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഓൺലൈൻ തട്ടിപ്പിന് ഇരയാകാതിരിക്കാൻ എല്ലാ വിനോദസഞ്ചാരികളും അതീവ ശ്രദ്ധയും മുൻകരുതലും എടുക്കണമെന്ന് കേരള ട്രാവൽ മാർട്ട് സൊസൈറ്റി അഭ്യർത്ഥിച്ചു.

## മത്സ്യ കയറ്റുമതിക്കാർക്ക് ക്രെഡിറ്റ് സൗകര്യം: കേന്ദ്രതീരുമാനം ഗുണകരമെന്ന് കെ.വി. തോമസ്

**കൊച്ചി:** ഇന്ത്യയിൽനിന്നു അമേരിക്കയിലേക്ക് മത്സ്യവിഭവങ്ങൾ കയറ്റുമതി ചെയ്യുന്ന സ്ഥാപനങ്ങൾക്കു നാഷണൽ ക്രെഡിറ്റ് ഗാരന്റി ട്രസ്റ്റി കമ്പനിയിലൂടെ (എൻ.സി.ജി.ടി.സി) ക്രെഡിറ്റ് സൗകര്യങ്ങൾ മെച്ചപ്പെടുത്താനും അർഹരായ കയറ്റുമതിക്കാർക്കും സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കും 20,000 കോടിയുടെ സഹായമെത്തിക്കാനുമുള്ള കേന്ദ്രതീരുമാനം ഗുണകരമെന്ന് കേരള സർക്കാരിന്റെ ഡൽഹിയിലെ പ്രത്യേക പ്രതിനിധി കെ.വി. തോമസ്. തീരുമാനം ഇന്ത്യയിലെ സമുദ്രോൽപ്പന്ന കയറ്റുമതിക്കാർക്ക് ഗുണം ചെയ്യുന്നതാണ്.

അമേരിക്ക സമുദ്രോൽപ്പന്നങ്ങളുടെ ഇറക്കുമതി ചുങ്കം വർധിപ്പിച്ചതിനെത്തുടർന്ന് കയറ്റുമതി വ്യവസായം നേരിടുന്ന പ്രതിസന്ധിക്കു പരിഹാരം കാണണമെന്നാവശ്യപ്പെട്ട് കഴിഞ്ഞ ഏപ്രിലിൽ കേന്ദ്ര ധനമന്ത്രാലയത്തിനു നിവേദനം നൽകിയിരുന്നു. ഹ്രസ്വ, മധ്യ, ദീർഘകാല സഹായ പദ്ധതികളാണ് അതിൽ സമർപ്പിച്ചിരുന്നത്.

മൂലധനത്തിന്റെ 30 ശതമാനം സോഫ്റ്റ് ലോൺ നൽകുന്നതിലും അമേരിക്കയിലേക്കു കയറ്റുമതി ചെയ്യുന്ന ഫാക്ടറികളുടെ കാഷ്, ക്രെഡിറ്റ് പ്രവർത്തന മൂലധന ലോണുകളുടെ തിരിച്ചടവ് നീട്ടിവയ്ക്കുന്നതിലും കേന്ദ്ര ധനകാര്യ ജോയിന്റ് സെക്രട്ടറി അനുകൂല നിലപാട് അറിയിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് മന്ത്രിസഭായോഗത്തിൽ തീരുമാനമുണ്ടായതെന്നും കെ.വി. തോമസ് പറഞ്ഞു

സൊസൈറ്റി ടുഡേ
SOCIETY TODAY




യു.കെ -ഇന്ത്യ സമഗ്ര വാണിജ്യ കരാർ സംബന്ധിച്ച് ലഘു ചെറുകിട ഇടത്തരം സംരംഭങ്ങൾക്കായി ഫിക്കി സംഘടിപ്പിച്ച ശിൽപശാലയിൽ എ.പി.എം മുഹമ്മദ് ഹനീഷ് മുഖ്യപ്രഭാഷണം നടത്തുന്നു. സാവിയോ മാത്യു, അലക്സ് കെ. നൈനാൻ, ഗുർകരൺ സിങ് ബൈൻസ്, ഡോ.ജെയിംസ് ജെ നെടുമ്പാറ, ഹസൻ ഹുസ്സൈൻ എന്നിവർ സമീപം.

# രാജ്യാന്തര വാണിജ്യ കരാറുകൾ കേരളത്തിന് ഉത്തേജനം പകരുന്നു: മുഹമ്മദ് ഹനീഷ്

**കൊച്ചി:** യു.കെ-ഇന്ത്യ സമഗ്ര വാണിജ്യ കരാർ സംബന്ധിച്ച് ലഘു ,ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കായി ഫിക്കി ശിൽപശാല സംഘടിപ്പിച്ചു. രാജ്യാന്തര വാണിജ്യ കരാറുകൾ ഏറെ ഗുണകരമായത് കേരളത്തിനാണെന്ന് മുഖ്യ പ്രഭാഷണം നടത്തിയ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം മുഹമ്മ്ദ് ഹനീഷ് ചൂണ്ടിക്കാട്ടി. 'സെപ' വാണിജ്യ കരാർ കേരളത്തിലെ എം.എ.സ്. എം. ഇ മേഖലയിൽ വലിയ മാറ്റങ്ങളാണ് കൊണ്ടുവന്നത്. സംരംഭക വർഷത്തിലൂടെ 475,000 പുതിയ എം. എസ്. എം. ഇ സംരംഭങ്ങളാണ് കേരളത്തിൽ തുടങ്ങിയത്. ഇതിൽ 38 ശതമാനവും ഭക്ഷ്യ സംസ്കരണ മേഖലയിലാണ്. ഇതിൽ ഏറിയ പങ്കും വനിതകളുടെ നേതൃത്വത്തിൽ ആരംഭിച്ചതാണെന്നും അദ്ദേഹം പറഞ്ഞു. ഉൽപ്പാദന ചെലവ്, ഗുണമേന്മ, മൂല്യവർധിതം എന്നീ മൂന്ന് ഘടകങ്ങളാണ് ഏതൊരു ഉൽപ്പന്നത്തിനും മത്സര വിപണി സാധ്യമാക്കുന്നതെന്ന് മുഹമ്മദ് ഹനീഷ് പറഞ്ഞു.

ആയാസരഹിതമായ ബിസിനസും പ്രവർത്തന സൗകര്യവും ഒരുക്കുന്നതിൽ പ്രത്യേകം ശ്രദ്ധ നൽകിയാണ് യു.കെയും ഇന്ത്യയും തമ്മിലുള്ള വാണിജ്യ കരാറിന് രൂപം നൽകിയതെന്ന് യു.കെ-ഇന്ത്യ ബിസിനസ് കൗൺസിൽ അധ്യക്ഷൻ റിച്ചാർഡ് ഹെൽഡ് പറഞ്ഞു.

കേരളത്തിന് ഏറെ പ്രയോജനം ചെയ്യുന്നതും പാശ്ചാത്യ രാജ്യങ്ങളിൽ നിന്ന് എഫ്.ഡി.ഐ സ്വീകരിക്കുന്നതിൽ നിർണായകമായ ചുവട് വെയ്ക്കുന്നതുമാണ് യു.കെ ഇന്ത്യ വാണിജ്യ കരാറെന്ന് സെന്റർ ഫോർ ട്രേഡ് ആൻഡ് ഇൻവെസ്റ്റ്മെന്റ് ലോ പ്രൊഫസറും മേധാവിയുമായ ഡോ. ജെയിംസ് ജെ. നെടുമ്പാറ ചൂണ്ടിക്കാട്ടി.

സി.ഇ.ടി.എ എന്നത് എം.എസ്.എം.ഇകളുടെ വളർച്ചയ്ക്ക് ഊർജം പകരുന്ന സമഗ്രമായ കരാറാണെന്ന് കൊച്ചി കസ്റ്റംസ് കമ്മീഷണർ ഗുർകരൺ സിങ് ബൈൻസ് പറഞ്ഞു.സി.ഇ.ടി.എ ഇന്ത്യൻ ബിസിനസ്സുകൾക്കായി യു.കെയുടെ വിപണിയുടെ ഏകദേശം 99% തുറന്നുനൽകിക്കൊണ്ട് ഗണ്യമായ വിപണി പ്രവേശനം വാഗ്ദാനം ചെയ്യുന്നു, അതേസമയം ഇന്ത്യാ വിപണിയുടെ 91% യു.കെയ്ക്കായി തുറക്കുന്നു. ഇന്ത്യയുടെ അതിവേഗം വളരുന്ന സമ്പദ്‌വ്യവസ്ഥ കണക്കിലെടുക്കുമ്പോൾ, ഭാവിയിൽ വളരെയധികം അവസരങ്ങളാണ് ഈ വാണിജ്യ കരാറിലൂടെ സാധ്യമാകുന്നത്. പ്രത്യേകിച്ചും, കേരളത്തിന് സമുദ്രോൽപ്പന്നം, കയർ, തേയില, കാപ്പി എന്നീ മേഖലകളിൽ വലിയ സാധ്യതകളുണ്ട്. കരാർ നടപ്പിലാക്കി കഴിഞ്ഞാൽ, ഒന്നോ രണ്ടോ വർഷത്തിനുള്ളിൽ വ്യാപാരം പല കോടി ഡോളറുകൾ വർദ്ധിക്കുമെന്ന് അദ്ദേഹം പറഞ്ഞു. കേരള സർക്കാരും കേന്ദ്ര സർക്കാരും ബ്രാൻഡിംഗ് സംരംഭങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചിരിക്കുന്നത് വിപണിയിൽ ഗുണമേന്മ ഉറപ്പ് വരുത്തുമെന്ന് ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഓഫ് ഫോറിൻ ട്രേഡ്സ് ഹസൻ ഹുസ്സൈൻ പറഞ്ഞു. ഫിക്കി കെ.ഇ.എസ്.സി ടാസ്ക് ഫോഴ്സ് ഓൺ എക്സ്പോർട്ട്സ് ചെയർമാൻ അലക്സ് കെ. നൈനാൻ സ്വാഗതവും ഫിക്കി കേരള മേധാവി സാവിയോ മാത്യു നന്ദിയും പറഞ്ഞു.



# ഒഡീഷയിലെ ഫിഷറീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി കൊച്ചി ഐ.സി.എ.ആർ സിഫ്റ്റ്

കൊച്ചി: കാര്യക്ഷമതാ വികസന പദ്ധതിയുടെ ഭാഗമായി ഐ.സി.എ.ആർ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (ഐ.സി.എ.ആർസിഫ്റ്റ്), കൊച്ചിയിൽ സംഘടിപ്പിച്ച അഞ്ച് ദിവസത്തെ പ്രായോഗിക പരിശീലന പരിപാടി സമാപിച്ചു. ഒഡീഷയിലെ വിവിധ ജില്ലകളിൽ നിന്നുള്ള 25 ഫിഷറീസ് ഉദ്യോഗസ്ഥർക്കായി നവംബർ 10 മുതൽ 14 വരെയാണ് പരിശീലന പരിപാടി നടന്നത്.

നൂതന മത്സ്യസംസ്കരണ സാങ്കേതികവിദ്യകളെ കേന്ദ്രീകരിച്ചാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്. സമുദ്രവിഭവങ്ങളുടെ മൂല്യവർദ്ധന രീതികൾ, നൂതന താപ,താപേതര രീതികൾ, പാക്കേജിംഗ്, മത്സ്യങ്ങളുടേയും മത്സ്യ ഉൽപ്പന്നങ്ങളുടേയും ഗുണനിലവാര പരിശോധന, മത്സ്യ സംസ്കരണ അവശിഷ്ടങ്ങളുടെ ഉപയോഗം, ഭക്ഷ്യ സുരക്ഷ മാനദണ്ഡത്തെ അടിസ്ഥാനമാക്കി സമുദ്രവിഭവങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുക എന്നിവയെക്കുറിച്ച് പരിശീലന പരിപാടിയിലൂടെ അറിവ് ലഭ്യമാകുമെന്ന് ഐ.സി.എ.ആർഫ്റ്റിലെ ശാസ്ത്രജ്ഞർ അറിയിച്ചു.

കൂടാതെ ഈ പരിശീലന പരിപാടിയിലൂടെ ഐ.സി.എ.ആർ- സി.ഐ.എഫ്.ടിയും ഒഡീഷ ഫിഷറീസ് വകുപ്പും തമ്മിലുള്ള സഹകരണം ശക്തിപ്പെടുകയും, സാങ്കേതിക കഴിവുകൾ വർദ്ധിപ്പിച്ച് അതാതു സ്ഥലങ്ങളിലെ മത്സ്യ ബന്ധനാനന്തര വികസന പ്രവർത്തനങ്ങളെ ഉത്തേജിപ്പിക്കുവാനും സാധിക്കുമെന്നും ശാസ്ത്രജ്ഞർ അറിയിച്ചു.

# എക്സൽസോഫ്റ്റ് ടെക്നോളജീസ് ലിമിറ്റഡ് ഐ.പി.ഒ നവംബർ 19 മുതൽ

**കൊച്ചി:** എക്സൽസോഫ്റ്റ് ടെക്നോളജീസ് ലിമിറ്റഡിന്റെ പ്രാഥമിക പൊതു ഓഹരി വിൽപന (ഐ.പി.ഒ) 2025 നവംബർ 19 മുതൽ 21 വരെ നടക്കും. 180 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള നിക്ഷേപകരുടെ 320 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐ.പി.ഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

പത്ത് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 114 മുതൽ 120 രൂപവരെയാണ് വില നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 125 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 125 ന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻ.എസ്.ഇയിലും ബി.എസ്.ഇയിലും ലിസ്റ്റ് ചെയ്യും. ആനന്ദ് രതി അഡ്വൈസേഴ്സ് ലിമിറ്റഡാണ് ഐ.പി.ഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർ.

# ദി വെൽത്ത് കമ്പനി മൾട്ടി അസറ്റ് അലോക്കേഷൻ ഫണ്ട് അവതരിപ്പിച്ചു

**കൊച്ചി:** ദി വെൽത്ത് കമ്പനി ആസറ്റ് മാനേജ്മെന്റ് ഹോൾഡിംഗ്സ് പ്രൈവറ്റ് ലിമിറ്റഡ് 'ദി വെൽത്ത് കമ്പനി മൾട്ടി അസറ്റ് അലോക്കേഷൻ ഫണ്ട്' അവതരിപ്പിച്ചു.

ഇക്വിറ്റി/ ഇക്വിറ്റി അനുബന്ധ സെക്യൂരിറ്റികൾ, കടപ്പത്രങ്ങൾ/ മണി മാർക്കറ്റ് ഇൻസ്ട്രുമെന്റുകൾ, കൊമോഡിറ്റി ഇ.ടി.എഫുകൾ, എക്സ്ചേഞ്ച് ട്രേഡഡ് കൊമോഡിറ്റി ഡെരിവേറ്റീവുകൾ എന്നിവയിലുടനീളം നിക്ഷേപിക്കുന്ന ഓപ്പൺ എൻഡഡ് മൾട്ടി ആസറ്റ് അലോക്കേഷൻ പദ്ധതിയാണിത്.

വിപണിയിലെ ഏറ്റക്കുറച്ചിലുകളിലുടനീളം സ്ഥിരതയും വൈവിധ്യവുമുള്ള പോർട്ട്ഫോളിയോ സൃഷ്ടിച്ച് നിക്ഷേപകർക്ക് ദീർഘകാല സമ്പത്ത് സൃഷ്ടിക്കാൻ ഇത് സഹായിക്കുന്നു. ന്യൂ ഫണ്ട് ഓഫർ നവംബർ 19ന് ആരംഭിച്ച് ഡിസംബർ 3ന് അവസാനിക്കും.

# സാംസങ് ടിവി പ്ലസ് മുൻനിര ക്രിയേറ്റർമാരുമായി കരാർ ഒപ്പുവെച്ചു

**കൊച്ചി:** ഇന്ത്യയിലെ മുൻനിര സൗജന്യ ആഡ് സപ്പോർട്ടഡ് സ്ട്രീമിംഗ് ടെലിവിഷൻ (ഫാസ്റ്റ്) സേവനമായ സാംസങ് ടി.വി. പ്ലസ്, പ്രമുഖ ആഗോള ക്രിയേറ്റർമാരുമായി ചേർന്ന് അവരുടെ എക്സ്ക്ലൂസീവ് ഫാസ്റ്റ് ചാനലുകൾ അവതരിപ്പിക്കുന്നു.

ഇന്ത്യയിൽ അവതരിപ്പിച്ച ആറു ക്യൂറേറ്റഡ് ചാനലുകളിൽ ശ്രദ്ധേയമായത് മുൻ നാസാ എഞ്ചിനീയറും ലോകപ്രശസ്ത യൂട്യൂബറുമായ മാർക്ക് റോബറിന്റെ ആദ്യ സമർപ്പിത ഫാസ്റ്റ് ചാനലിന്റെ ആഗോള പ്രദർശനമാണ്.

ഇപ്പോൾ സാംസങ് ടി.വി പ്ലസിൽ ഇന്ത്യയിലാകെ 160ലധികം ചാനലുകൾ ലഭ്യമാണ്. 1.4 കോടി സാംസങ് സ്മാർട്ട് ടി.വികളിലൂടെയാണ് ഈ സേവനം പ്രേക്ഷകരിലേക്ക് എത്തുന്നത്.7.1 കോടി സബ്സ്ക്രൈബർമാരുള്ള മാർക്ക് റോബർ തന്റെ സവിശേഷ ശൈലിയിലുള്ള ശാസ്ത്രവും സൃഷ്ടിപരത്വവും ചേർന്ന വിനോദ വിന്യാസം ടെലിവിഷൻ പ്രേക്ഷകർക്ക് എത്തിക്കുന്നു. ശാസ്ത്രവും എഞ്ചിനീയറിംഗും ജിജ്ഞാസയ്ക്കും സർഗ്ഗാത്മകതയ്ക്കും വേണ്ടിയുള്ള മനോഹരമായ വാക്കുകൾ മാത്രമാണെന്നാണ് ഞാൻ ഇപ്പോഴും വിശ്വസിക്കുന്നതെന്ന് മാർക്ക് റോബർ പറഞ്ഞു. ലോകമെമ്പാടുമുള്ള കൂടുതൽ ആളുകളിലേക്ക് ആ ആത്മാവ് പകരാനുള്ള ഒരു മാർഗമാണ് ഈ ചാനൽ. പഠനം രസകരമാക്കാനുള്ള ഒരു മാർഗമാണിതെന്നും മാർക്ക് കൂട്ടിച്ചേർത്തു. മാർക്ക് റോബറിനൊപ്പം മിഷേൽ ഖാറെയുടെ ചലഞ്ച് അസപ്റ്റഡ്, എപിക്ക് ഗാർഡനിങ് ടിവി, ദി ട്രൈ ഗയ്സ്, ബ്രേവ് വൈൽഡേർനസ്, ദി സോറി ഗേൾസ് ടിവി തുടങ്ങിയ പ്രമുഖ ക്രിയേറ്റർമാരുടെ ചാനലുകളും ഇന്ത്യയിൽ ലഭ്യമാകും.സാംസങ് ടിവി പ്ലസിന്റെ ഈ അതുല്യ കരാർ, ലോകമെമ്പാടുമുള്ള ക്രിയേറ്റർമാരെ ഉൾപ്പെടുത്തി ടെലിവിഷന്റെ അടുത്ത തലമുറ വിനോദരൂപം സൃഷ്ടിക്കാനുള്ള ആഗോള ദൗത്യത്തിന്റെ ഭാഗമാണ്.

മാർക്ക് റോബറിന്റെ ശാസ്ത്രം, സർഗ്ഗാത്മകത, ജിജ്ഞാസ എന്നിവയുടെ മിശ്രിതം ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ആളുകളെ പ്രചോദിപ്പിച്ചുവെന്നും ചാനൽ തലമുറകളെ ആവേശത്തോടെ ബന്ധിപ്പിക്കുന്നതിൽ സഹായിക്കുമെന്നും സാംസങ് ടിവി പ്ലസ് ഗ്ലോബൽ ഹെഡ് സാലെക് ബ്രോഡ്സ്കി പറഞ്ഞു.

# പുതിയ എൻഷൂർ ഡയബറ്റിസ് കെയർ പുറത്തിറക്കി അബോട്ട്

**കൊച്ചി:** അബോട്ട് എൻഷൂർ ഡയബറ്റിസ് കെയറിന്റെ പുതിയതും നൂതനവുമായ ഫോർമുലേഷൻ പുറത്തിറക്കി. ശാസ്ത്രീയ പോഷകാഹാര രൂപീകരണത്തിന്റെ കാര്യത്തിൽ 30 വർഷത്തിലേറെയായി മുൻനിരയിൽ നിൽക്കുന്ന അനുഭവ സമ്പത്തിന്റെയും 60 ക്ലിനിക്കൽ പരീക്ഷണങ്ങളുടെ പിന്തുണയുടെയും പിൻബലത്താൽ കൊണ്ടുവന്ന ഈ നവീകരണം പ്രമേഹമുള്ളവരെ മെച്ചപ്പെട്ട ജീവിതം നയിക്കാൻ പ്രാപ്തരാക്കുന്നതാണെന്ന് അബോട്ട് ഏഷ്യ, പസഫിക് പോഷകാഹാര ഗവേഷണ വികസന കേന്ദ്രത്തിലെ ക്ലിനിക്കൽ സയൻസ് ആൻഡ് ന്യൂട്രീഷനിലെ സീനിയർ ലീഡ്, പി.എച്ച്.ഡി ആഗ്നസ് സ്യൂ ലിംഗ്ടീ പറഞ്ഞു.

പുതിയ എൻഷൂർ ത്രിതല പരിപാലന വ്യവസ്ഥയാണ് മുന്നോട്ടു വെയ്ക്കുന്നത്. അതിൽ കുറഞ്ഞ ഗ്ലൈസെമിക് സൂചിക കാർബോഹൈഡ്രേറ്റ് മിശ്രിതമായ നാലു മടങ്ങ് അധികം മയോഇനോസിറ്റോൾ ഉൾപ്പെടുന്നു. ഇത് ഊർജ്ജം സാവധാനം പുറത്തുവിടാനും രക്തത്തിലെ പഞ്ചസാരയുടെ കുതിച്ചുചാട്ടം ഒഴിവാക്കാനും തക്കവണ്ണം രൂപകൽപ്പന ചെയ്തിരിക്കുന്നതാണ്.

വാനില, ചോക്ലേറ്റ് എന്നിങ്ങനെ രണ്ട് ഫ്ളേവറിൽ 200 ഗ്രാം, 375 ഗ്രാം, 950 ഗ്രാം, 1425 ഗ്രാം, 1900 ഗ്രാം പായ്ക്ക് വലുപ്പങ്ങളിൽ എല്ലാ ഫാർമസികളിലും ഇകൊമേഴ്സ് പ്ലാറ്റ്ഫോമുകളിലും ഉൽപ്പന്നം ലഭ്യമാണെന്നും ആഗ്നസ് സ്യൂ ലിംഗ് ടീ പറഞ്ഞു

# ഓപ്പൺ എഐയുമായി കൈക്കോർത്ത് ഫോൺ പേ

**കൊച്ചി :** പ്രമുഖ ആഗോള എഐ കമ്പനിയായ ഓപ്പൺ എഐയുമായി ഫോൺപേ പങ്കാളിത്തം പ്രഖ്യാപിച്ചു. ഇന്ത്യയിൽ ചാറ്റ് ജിപിടി യുടെ ഉപഭോക്തൃ സ്വീകാര്യത വേഗത്തിലാക്കാനും പരസ്പര ബിസിനസ് വളർച്ചയും ലക്ഷ്യമിട്ടാണിത്.

ഈ സഹകരണത്തിലൂടെ ഫോൺപേ പ്ലാറ്റ്ഫോമിൽ തന്നെ ചാറ്റ് ജിപിടി യുടെ ഫീച്ചറുകൾ ഉപയോഗിച്ച് നോക്കാൻ ഫോൺപേ ഉപയോക്താക്കൾക്ക് സാധിക്കും. ഇതിലൂടെ, അത്യാധുനിക ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ കൂടുതൽ ഇന്ത്യക്കാർക്ക് അവസരം ലഭിക്കും.

# അവധിക്കാല വിനോദ യാത്രാ ട്രെയിൻ ഡിസംബർ 20ന് കേരളത്തിൽ നിന്ന് പുറപ്പെടും

**തിരുവനന്തപുരത്ത് നിന്ന് പുറപ്പെടുന്ന ട്രെയിന് കൊല്ലം, കോട്ടയം, എറണാകുളം, തൃശൂർ, ഒറ്റപ്പാലം പാലക്കാട് എന്നിവിടങ്ങളിൽ സ്റ്റോപ്പുണ്ട്**




**കൊച്ചി:** ഇന്ത്യൻ റെയിൽവെയുടെ ഭാരത് ഗൗരവ് ട്രെയിന് കീഴിലുള്ള സൗത്ത് സ്റ്റാർ റെയിൽ രാജ്യത്തെ സ്വകാര്യ മേഖലയിലെ ആദ്യ സേവന ദാതാവായ ടൂർ ടൈംസുമായി സഹകരിച്ച് ക്രിസ്മസ് അവധിക്കാലത്ത് രാജ്യത്തെ പ്രധാന കേന്ദ്രങ്ങൾ സന്ദർശിക്കുന്ന സ്പെഷ്യൽ ട്രെയിൻ യാത്ര സംഘടിപ്പിക്കുന്നു. ഡിസംബർ 20ന് തിരുവനന്തപുരത്ത് നിന്ന് പുറപ്പെടുന്ന ട്രെയിന് കൊല്ലം, കോട്ടയം, എറണാകുളം, തൃശൂർ, ഒറ്റപ്പാലം പാലക്കാട് എന്നിവിടങ്ങളിൽ സ്റ്റോപ്പുണ്ട്.

11 ദിവസം നീളുന്ന യാത്ര ഗോവ, മുംബൈ, അജന്താഎല്ലോറ, ഹൈദരാബാദ്, പുതുച്ചേരി, വേളാങ്കണ്ണി,നാഗുർ ദർഗ തുടങ്ങി രാജ്യത്തിന്റെ സാംസ്കാരികവും ചരിത്രപരവുമായ കേന്ദ്രങ്ങൾ സന്ദർശിക്കും.

യാത്രയുടെ ഭാഗമായി ഇൻഷുറൻസ്, ഹോട്ടലുകളിലെ താമസസൗകര്യം, കാഴ്ചകൾ കാണുന്നതിനുള്ള വാഹനങ്ങൾ, ദക്ഷിണേന്ത്യൻ വിഭവങ്ങൾ തുടങ്ങിയവ ലഭിക്കും. ഇവ കൂടാതെ രാത്രി താമസം, കാഴ്ചകൾ കാണാൻ പോകുമ്പോൾ ലഗേജ് സുരക്ഷിതമായി സൂക്ഷിക്കാനുള്ള സൗകര്യവും എൽ.ടി.സി, എൽ.എഫ്.സി സൗകര്യവും ഒരുക്കിയിട്ടുണ്ട്.

സ്ലീപ്പർ ക്ലാസിന് 26,800 രൂപയും തേർഡ് എസിക്ക് 37,550 രൂപയും സെക്കൻഡ് എസിക്ക് 43,250 രൂപയും ഫസ്റ്റ് എസിക്ക് 48,850 രൂപയുമാണ് ടിക്കറ്റ് നിരക്ക്. ക്രിസ്മസ് അവധിക്കാല ഓഫറായി നാല് പേർ സെക്കൻഡ് എസി ടിക്കറ്റ് ബുക്ക് ചെയ്യുമ്പോൾ ഒരാൾക്ക് 20 ശതമാനം ഡിസ്കൗണ്ടും മൂന്ന് പേർ തേർഡ് എസി ടിക്കറ്റ് ബുക്ക് ചെയ്യുമ്പോൾ ഒരാൾക്ക് 30 ശതമാനം ഡിസ്കൗണ്ടും മൂന്ന് പേർ സ്ലീപ്പർ ടിക്കറ്റ് ബുക്ക് ചെയ്യുമ്പോൾ ഒരാൾക്ക് 20 ശതമാനം ഡിസ്കൗണ്ടും ലഭിക്കും.

സൗത്ത് സ്റ്റാർ റെയിലും ടൂർ ടൈംസും ചേർന്ന് വിനോസഞ്ചാരികൾക്കായി ഇതുവരെ 2,28,630 കിലോമീറ്ററിലധികം നീളുന്ന യാത്രകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇതുവഴി 25,475 പേർ രാജ്യത്തെ വിവിധ സാസ്കാരികതീർഥാടന കേന്ദ്രങ്ങൾ സന്ദർശിച്ചു. കൂടുതൽ വിവരങ്ങൾക്കും ബുക്കിംഗിനും www.tourtimes.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക




